LIBRARY ARCHIVES Kerala Legislative Assembly

വാർഡ് പുനർവിഭജനം

178 (7477) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ജി. സുധാകരൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് പുനർവിഭജനം നടത്താനുള്ള തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ;

(ബി) ഉമ്മൻ കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി വാർഡ് പുനർ വിഭജനം നടത്താനുള്ള നീക്കം ഉപേക്ഷിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള പഞ്ചായത്ത് രാജ് നിയമം 6, 10 വകുപ്പുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യയെ മാനദണ്ഡമാക്കി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ ത്രിതലപഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്തേണ്ടതുണ്ട്.

(ബി) വികേന്ദ്രീകൃതാസൂത്രണവും വികസനവും സംബന്ധിച്ച അവലോകന റിപ്പോർട്ട് സമർപ്പിക്കാനായി 30-1-2007-ലെ സ.ഉ. (സാധാ) നമ്പർ 326/2007/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം രൂപീകരിക്കപ്പെട്ട ശ്രീ. എം. എ. ഉമ്മൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി വാർഡ് വിഭജനം സംബന്ധിച്ച ശിപാർശകളൊന്നും മുന്നോട്ട് വച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം

179 (7478) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം 20 വർഷത്തിലൊരിക്കലേ പാടുള്ളൂ എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഈ ഉത്തരവിന് ഭേദഗതി വരുത്തി വാർഡ് വിഭജനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഈ ഭേദഗതി വരുത്താനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡീലിമിറ്റേഷൻ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ അവരുടെ ശിപാർശ പ്രകാരമാണോ വാർഡ് വിഭജനം നടത്തുന്നത് ;